# ഏകദൈവം ത്രിത്വമോ?



# പരിശുദ്ധ ത്രിത്വം:



## സ്നേഹത്തികവിന്റെ പരമസത്യം

മതാന്ധത ബാധിച്ച രണ്ടു യുവാക്കൾ വടക്കൻ ഫ്രാൻസിലെ നോർമണ്ടിനഗരത്തിനടുത്തുള്ള പള്ളിയിൽവച്ച് 86 വയസ്സുള്ള കത്തോലിക്കാപുരോഹിതനായ ഷാക് ഹാമിലിനെ വധിക്കുന്ന സമയം അവിടെ ബന്ദികളാക്കപ്പെട്ടവരിൽ ഒരുവളായ സിസ്റ്റർ ഹെലനോടു ചോദിച്ചത് മരിക്കാൻ ഭയമുണ്ടോയെന്നായിരുന്നു. സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നതിനാൽ മരിക്കാൻ തനിക്കു തെല്ലും ഭയമില്ലായെന്നു പറഞ്ഞ വയോധികയായ ആ സമർപ്പിതയോടുള്ള അടുത്ത ചോദ്യം ‘ആരാണു ദൈവം?’ എന്നുതന്നെയായിരുന്നു. യേശുക്രിസ്തു ഒരിക്കലും ദൈവമല്ലായെന്നും ദൈവം ഏകനാണെന്നും ആ ഏകദൈവത്തെ മാത്രം ആരാധിക്കണമെന്നുമുള്ള അവരുടെ ആക്രോശങ്ങൾ പല കാലങ്ങളിലും പലയിടത്തും വിവിധ രീതികളിൽ മുഴങ്ങിക്കേൾക്കാറുണ്ട്.

★ ★ ★

ബിരുദവിദ്യാർത്ഥികളായ ജലീലും ബെസ്റ്റിനും അടുത്ത സുഹൃത്തുക്കളാണ്. ആദ്യകാലങ്ങളിൽ ഈ സൗഹൃദം യാത്രകൾക്കും ഒന്നിച്ചുള്ള പാർട്ടികൾക്കുംവേണ്ടി മാത്രമുള്ളതായിരുന്നെങ്കിൽ, കുറച്ചു നാളുകളായി അത് ബെസ്റ്റിനെ അലട്ടുന്ന ചില ചോദ്യങ്ങൾ ഉതിർക്കാൻ ജലീലിനുള്ള അവസരമായിമാത്രം ചുരുങ്ങി. ബെസ്റ്റിനെപ്പോലുള്ള യുവജനങ്ങളെ സഹായിക്കാനുള്ള എളിയ ശ്രമമാണ് ഈ കൈപ്പുസ്തകം.

1. ആരാണ് ദൈവം?
2. ദൈവത്തെ അറിയാൻ കഴിയുമോ?
3. എന്താണ് പരിശുദ്ധ ത്രിത്വം?
4. പരിശുദ്ധ ത്രിത്വം യുക്തിക്കു വിരുദ്ധമോ?
5. പഴയനിയമത്തിൽ പരിശുദ്ധ ത്രിത്വത്തിനു തെളിവുകളുണ്ടോ?
6. പരിശുദ്ധ ത്രിത്വത്തിന്റെ അനാവരണം പുതിയനിയമത്തിൽ എങ്ങനെ?
7. പരിശുദ്ധ ത്രിത്വവിശ്വാസത്തിന്റെ സ്ഥാപകൻ വിശുദ്ധ പൗലോസോ?
8. പരിശുദ്ധ ത്രിത്വം നിഖ്യാസൂനഹദോസിന്റെ (എ.ഡി. 325) കണ്ടുപിടുത്തമോ?
9. സ്നേഹസ്രോതസ്സേ, ആരാധന!
10. പരിശുദ്ധ ത്രിത്വൈകദൈവത്തിന് ആധുനിക ജീവിതത്തിൽ എന്തുകാര്യം?




01

# ആരാണ് ദൈവം?

ഏതൊരു മനുഷ്യനും ഉത്തരം കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന ഒരു ചോദ്യമാണിത്. ചെറുപ്പംമുതൽ മതബോധനക്ലാസുകളിൽ ആദ്യമായി ഉന്നയിക്കപ്പെട്ട ചോദ്യം. തികച്ചും സ്വാഭാവികമായ ചോദ്യം. ഒരു കാന്തത്തിന്റെ ഉത്തരധ്രുവം ദക്ഷിണധ്രുവത്തെ ആകർഷിക്കുന്നതുപോലെ സൃഷ്ടിയായ നാം നമ്മുടെ സ്രഷ്ടാവിലേക്ക് ആകർഷിക്കപ്പെടുന്നതിൽ എന്തതിശയം?

സർവശക്തനും സർവവ്യാപിയും സർവജ്ഞാനിയും സർവകാരണവും പരമകാരുണികനുമായ സ്രഷ്ടാവും പരിപാലകനും വിധിയാളനുമായവന് ബൈബിൾ നല്കുന്ന വിശേഷണമാണ് സ്നേഹം. “ദൈവം സ്നേഹമാകുന്നു” (1 യോഹ 4,8.16). സ്നേഹത്തിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നത് (1 യോഹ 4:16). സ്നേഹത്തിന്റെ സംസ്കാരം കെട്ടിപ്പടുക്കലാണ് വിശ്വാസജീവിതം (പോപ്പ് ബെനഡിക്ട് XVI, *ദേവൂസ് കാരിത്താസ് എസ്ത്*).



02

# ദൈവത്തെ അറിയാൻ കഴിയുമോ?

കഴിയും; ദൈവം സ്വയം വെളിപ്പെടുത്തിയാൽമാത്രം. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത് ക്രമാനുഗതമായാണ്. മനുഷ്യന്റെ ശൈശവത്തിലും ബാല്യത്തിലും അവിടത്തെ ഭാഷ ശിശുവിനും ബാലനും ഗ്രഹിക്കാൻ പോന്നതായിരുന്നു; എന്നാൽ പ്രായപൂർത്തിയായ മനുഷ്യനോട് അവിടന്ന് പക്വതയുടെ ഭാഷ സംസാരിച്ചു. യേശുക്രിസ്തുവിലാണല്ലോ മനുഷ്യകുലത്തിനു പ്രായപൂർത്തിയായത്.

പ്രപഞ്ചമാണ് ദൈവാവിഷ്കരണത്തിന്റെ പ്രഥമ മാധ്യമം. മനുഷ്യചരിത്രം, പ്രത്യേകിച്ച് ഇസ്രായേൽചരിത്രം, ദൈവികവെളിപാടിന്റെ സുന്ദരചക്രവാളമായിത്തീർന്നു. വിശുദ്ധഗ്രന്ഥത്തിലൂടെ ദൈവികവെളിപ്പെടുത്തൽ ലിഖിതരൂപം പ്രാപിച്ചെങ്കിലും സമ്പൂർണവും ശാശ്വതവും ആത്യന്തികവുമായ വെളിപ്പെടുത്തലുണ്ടായത് ദൈവമനുഷ്യനായ യേശുക്രിസ്തുവിലൂടെയാണ്. ഈ ഓരോ ഘട്ടത്തിലും ദൈവം മനുഷ്യനോടു സംസാരിച്ച കാര്യങ്ങൾക്ക് പരസ്പരബന്ധമുണ്ടെന്നും അവയിൽ ക്രമപ്രവൃദ്ധമായ വളർച്ചയുണ്ടെന്നും കാണാൻ കഴിയും.

## 2.1 സ്രഷ്ടാവിനെ വെളിപ്പെടുത്തുന്ന സൃഷ്ടി!

"ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടത്തെ കരവേലയെ വിളംബരം ചെയ്യുന്നു" (സങ്കീ 19,1). സ്രഷ്ടാവിനെ വെളിപ്പെടുത്തുകയാണ് സൃഷ്ടികളുടെ ദൗത്യം. അതിനാൽത്തന്നെ റോമാക്കാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നു: "ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അവർ അറിഞ്ഞിട്ടുണ്ട്" (റോമാ 1,19.20). ദൈവത്തിന്റെ സ്നേഹവും ശക്തിയും മഹത്ത്വവും വെളിപ്പെടുത്തുന്ന സൃഷ്ടികൾ മനുഷ്യഹൃദയങ്ങളെ ദൈവാരാധനയിലേക്കും ജീവിതനന്മയിലേക്കും നയിക്കാൻ പര്യാപ്തങ്ങളാണ്.

എന്നാൽ, ദൈവം എന്ന ആ വലിയ രഹസ്യത്തെ ബുദ്ധികൊണ്ടു മനസ്സിലാക്കാൻ ശ്രമിച്ച മനുഷ്യൻ പ്രപഞ്ചത്തിൽ ഭയവും ആശ്ചര്യവും ഉളവാക്കുന്ന സൃഷ്ടവസ്തുക്കളെ ദൈവങ്ങളായി കണ്ടു. അങ്ങനെ മനുഷ്യൻ കാറ്റിനെയും കടലിനെയും സൂര്യനെയും ചന്ദ്രനെയും അഗ്നിയെയും പാമ്പിനെയും പശുവിനെയുമെല്ലാം ആരാധിക്കുവാനും അവയ്ക്കുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുവാനും തുടങ്ങി. ചില ദൈവസങ്കല്പങ്ങൾ മനുഷ്യരെപ്പോലെ വെറുപ്പിന്റെയും കിടമത്സരങ്ങളുടെയും സ്നേഹശൂന്യതയുടെയും കുടിപ്പകകളുടെയും ഗോദായായി അധഃപതിച്ചു. ചുരുക്കിപ്പറഞ്ഞാൽ, തന്റെ യുക്തികൊണ്ട് ദൈവത്തെ മനസ്സിലാക്കാൻ ശ്രമിച്ച മനുഷ്യനു മുന്നിൽ ദൈവം വെളിപ്പെട്ടില്ല എന്നുമാത്രമല്ല, സൃഷ്ടികളെ സ്രഷ്ടാവായി തെറ്റിദ്ധരിച്ച് അവർ ആ സത്യത്തിൽനിന്ന് വളരെ അകന്നുപോവുകയും ചെയ്തു.

## 2.2 ഇസ്രായേലിന്റെ ദൈവാനുഭവം

ചരിത്രത്തിലൂടെയുള്ള ദൈവികവെളിപാടിന്റെ ആരംഭമായി വിശുദ്ധഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നത് അബ്രാഹത്തിന്റെ വിളിയാണ് (ഉത്പ 12). വിശ്വാസികളുടെ പിതാവിൽനിന്ന് വിശ്വാസികളുടെ സമൂഹമായ ഇസ്രായേലിലേക്കുള്ള യാത്ര ഏകദൈവാനുഭവത്തിലേക്കുള്ള വളർച്ചാഗതി കൂടിയായിരുന്നു. തന്റെ പ്രിയപ്പെട്ട ജനതയുടെ കണ്ണുനീരും വേദനയും കണ്ട്, വലിയ ഒരു സാമ്രാജ്യശക്തിയുടെ അടിമത്തത്തിൽ നിന്ന് അവരെ

രക്ഷിക്കുവാൻ ദൈവം തിരുമനസ്സായി. അങ്ങനെ, പിതാക്കന്മാരുടെ ദൈവം, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മോശ എന്ന മനുഷ്യന്റെ മുന്നിൽ തന്നത്തന്നെ വെളിപ്പെടുത്തി: "ഞാൻ ഞാൻ തന്നെ" (പുറ 3,14). തുടർന്ന് മോശമുഖാന്തരം ദൈവം തന്റെ ജനത്തെ ഈജിപ്തിൽനിന്നു മോചിപ്പിച്ച്, അവരോടൊപ്പം സഞ്ചരിച്ച്, തനിക്ക് അവരോടുള്ള സ്നേഹവും കരുതലും വെളിപ്പെടുത്തിക്കൊടുത്തു. അങ്ങനെ ഇസ്രായേൽജനം ആ ദൈവത്തെ അനുഭവിച്ചറിഞ്ഞു. ദൈവം പലതല്ല 'ഒന്നുമാത്രം' എന്ന സത്യം അവർക്കൊരു കല്പനയായി മാറി: ''ഞാനല്ലാതെ മറ്റൊരു കർത്താവില്ല. ഞാനല്ലാതെ മറ്റൊരു ദൈവമില്ല. നീ എന്നെ അറിയുന്നില്ലെങ്കിലും ഞാൻ നിന്റെ അര മുറുക്കും; കിഴക്കും പടിഞ്ഞാറും ഉള്ള എല്ലാവരും ഞാനാണു കർത്താവ്, ഞാനല്ലാതെ മറ്റൊരുവനില്ല എന്ന് അറിയുന്നതിനും വേണ്ടിത്തന്നെ. ഞാൻ പ്രകാശം ഉണ്ടാക്കി; ഞാൻ അന്ധകാരം സൃഷ്ടിച്ചു. ഞാൻ സുഖദുഃഖങ്ങൾ നല്കുന്നു. ഇതെല്ലാം ചെയ്ത കർത്താവ് ഞാൻതന്നെ'' (ഏശ 45,5-7). ''ഇതാ, ഞാനാണ്, ഞാൻ മാത്രമാണ് ദൈവം; ഞാനല്ലാതെ വേറെ ദൈവമില്ല'' (നിയ 32,39). ''ഭൂമിയും അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്'' (സങ്കീ 24,1). "നിന്റെ ദൈവമായ യാഹ്വേ (കർത്താവ്) ഞാനാണ്. ഞാൻ അല്ലാതെ അന്യദേവന്മാർ നിനക്ക് ഉണ്ടാകരുത്" (പുറ 20,2.3; നിയ 5,6.7; 6,4).

തങ്ങൾക്കുമുന്നിൽ വെളിപ്പെട്ട ഏകസത്യദൈവമായ യാഹ്വേയിലുള്ള വിശ്വാസമാണ് ഇസ്രായേൽ ജനത്തെ പഴയനിയമകാലത്ത് മറ്റു ജനതകളിൽനിന്നു വ്യത്യസ്തരായി നിലനിറുത്തിയത്. അതുകൊണ്ടു തന്നെയാണ് പ്രവാചകന്മാർ വിഗ്രഹങ്ങൾക്കെതിരേ, അഥവാ വ്യാജദൈവങ്ങൾക്കെതിരേ, നിരന്തരമായി പോരാടിയതും തങ്ങൾക്കു വെളിപ്പെട്ടുകിട്ടിയ വിശ്വാസ സത്യം കാത്തുസൂക്ഷിക്കാൻ ദൈവജനത്തെ ഉദ്ബോധിപ്പിച്ചതും.



## 2.3 ദൈവംതന്നെയായ ഏകജാതന്റെ വെളിപ്പെടുത്തൽ

സ്നേഹംതന്നെയായ ദൈവത്തിന്റെ വെളിപ്പെടുത്തൽ സ്നേഹത്തികവിലാണ് ആത്യന്തികമായി സംഭവിച്ചത് – കർത്താവായ യേശുക്രിസ്തുവിൽ. എന്തെന്നാൽ, "പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചു. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടന്നു നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1,1.2). ദൈവം മനുഷ്യനായിമാറിയത് ദൈവമാരെന്ന് മനുഷ്യൻ മനസ്സിലാക്കാൻ വേണ്ടിയാണ്. ദൈവത്തിന്റെ ഭാഷയാണ് ഈശോ (*യൂകാറ്റ്*, 7–10).

ദൈവത്തിന്റെ ആത്യന്തിക വെളിപ്പെടുത്തൽ നടത്തിയ പുത്രനെക്കുറിച്ച് തിരുവചനം പറയുന്നു: "പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). 'പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതൻ' എന്ന പ്രയോഗം പരിശുദ്ധത്രിത്വത്തിലെ ആന്തരികമായ സ്നേഹത്തികവിന്റെയും ബാഹ്യമായ സ്നേഹപ്രകാശനത്തിന്റെയും ഉത്തമസാക്ഷ്യമാണ്. സ്നേഹം തന്നെയായ ദൈവത്തെ വെളിപ്പെടുത്തിയത് സ്നേഹത്തിന്റെ മൂർത്തീഭാവമായ യേശുക്രിസ്തുവാണ്. ഈ സ്നേഹാനുഭവത്തിലേക്ക് പ്രവേശിക്കുന്നവർക്കുമാത്രമേ യേശുക്രിസ്തു വെളിപ്പെടുത്തിയ ത്രിയേകദൈവത്തെ ആഴത്തിൽ അനുഭവിക്കാനാവൂ. ബന്ധമാണ് വെളിപാടിന്റെ വാതായനം. എന്തെന്നാൽ ത്രിത്വംതന്നെ ബന്ധമാണ്.

03



# എന്താണ് പരിശുദ്ധത്രിത്വം?

**ക്രൈ**സ്തവജീവിതത്തിന്റെ അടിസ്ഥാനവിശ്വാസപ്രമാണമാണ് പരിശുദ്ധ ത്രിത്വം. ദൈവം ഒരുവനേയുള്ളൂവെന്നും ആ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്തങ്ങൾ ആരംഭവും അവസാനവും ഇല്ലാതെ തുല്യതയിലും സ്നേഹത്തികവിലും നിലനില്ക്കുന്നുവെന്നുമുള്ള താണ് ഈ വിശ്വാസം.

പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള തന്റെ വിശ്വാസത്തെ ഏറ്റുപറഞ്ഞുകൊണ്ടാണ് ഓരോ ക്രൈസ്തവന്റെയും ജീവിതവും പ്രവർത്തനവും പ്രാർത്ഥനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും.

ദൈവികവെളിപ്പെടുത്തലിന്റെ പൂർണതയാണ് യേശുക്രിസ്തുവിലൂടെ ഉണ്ടായതെങ്കിലും, പരിശുദ്ധത്രിത്വത്തെപ്പോലെ ഇത്രയേറെ ദുർവ്യാഖ്യാനത്തിനും തെറ്റിദ്ധാരണകൾക്കും വാദപ്രതിവാദത്തിനും ഇടനല്കിയ മറ്റൊരു വിശ്വാസസത്യം ഇല്ലതന്നെ.

04

# ത്രിത്വം യുക്തിക്കു വിരുദ്ധമോ?

**നാം** എന്താണെന്നോ ഈ പ്രപഞ്ചം എന്താണെന്നു പോലുമോ പൂർണമായി കണ്ടെത്താൻ നമുക്ക് സാധിച്ചിട്ടില്ല. എന്തിനധികം പറയുന്നു, നമ്മുടെ വീട്ടുകാരെയോ കൂട്ടുകാരെയോപോലും പൂർണമായി മനസ്സിലാക്കാൻ നമുക്കു സാധിക്കുന്നില്ല. അപ്പോൾപിന്നെ, ഇതെല്ലാം സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തെ നമ്മുടെ ബുദ്ധികൊണ്ട് എങ്ങനെകണ്ടെത്താൻ സാധിക്കും?

ദൈവം ഉണ്ടെന്നു നമുക്കു ബോധ്യപ്പെടുമെങ്കിലും ആ പരമസത്യത്തിന്റെ ആഴങ്ങൾ നമ്മുടെ ഇത്തിരിപ്പോന്ന ബുദ്ധികൊണ്ടും യുക്തികൊണ്ടും കണ്ടെത്തുവാൻ കഴിയുന്ന ഒന്നല്ല. മനുഷ്യബുദ്ധിക്കു പൂർണമായും മനസ്സിലാകുന്ന ഒരു ദൈവം എങ്ങനെ ദൈവമാകും? യുക്തിക്കു ഗ്രഹിക്കാൻ കഴിയുന്ന ഒരു ദൈവത്തിനു പിന്നെ എങ്ങനെ സർവാതിശായിയായ ദൈവമായി നിലനില്ക്കാനാകും? ദൈവം ദൈവമായതുകൊണ്ടാണ് യുക്തിക്കതീതനാകുന്നത്. പരിശുദ്ധ ത്രിത്വം പൂർണമായും യുക്തിക്കു വഴങ്ങുമെന്ന് ആരും വിചാരിക്കരുത്. യുക്തിക്കെന്നതിനെക്കാൾ സ്നേഹത്തിനാണ് ത്രിയേകദൈവം പിടികൊടുക്കുന്നത്. സ്നേഹത്തിന്റെ തികഞ്ഞ യുക്തിഭദ്രത പരിശുദ്ധത്രിത്വത്തിൽ നമുക്കു കണ്ടെത്താനാകും. "ദൈവം സ്നേഹമാകു"ന്നത് ദൈവം ത്രിത്വമാണെന്നതിനാ ലാണ്! സ്നേഹിക്കാൻ ഒന്നിലേറെപ്പേർ വേണമെന്നതിൽ സംശയമില്ലല്ലോ.

ദൈവത്തിൽ ഒരു സ്വഭാവവും മൂന്ന് ആളുകളുമാണുള്ളത് എന്നാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്. ഇത് യുക്തിക്കു വിരുദ്ധമല്ല. ഒരു സ്വഭാവത്തിൽ മൂന്നു സ്വഭാവങ്ങൾ എന്നോ, ഒരു ആളിൽ മൂന്ന് ആളുകൾ എന്നോ പറഞ്ഞിരുന്നെങ്കിൽ അത് യുക്തിക്കു വിരുദ്ധമായിരുന്നേനെ.

05




# പഴയനിയമത്തിൽ പരിശുദ്ധ ത്രിത്വത്തിനു തെളിവുകളുണ്ടോ?

**ദൈ**വം ആരാണ് എന്നുള്ള മനുഷ്യന്റെ ചോദ്യത്തിന് താൻ യാഹ്‌വേ ആകുന്നു എന്നും താൻമാത്രമാണ് ദൈവം എന്നും (പുറ 3,13-16; നിയ 5,6.7) അവിടന്ന് ഉത്തരം നല്കി. എങ്കിലും ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണെന്ന വലിയ ദൈവികരഹസ്യം നിഴൽരൂപത്തിൽ പഴയനിയമത്തിൽ കാണാനാകും.

## 5.1 ഏകദൈവത്തിലെ പരിശുദ്ധ ത്രിത്വ സൂചനകൾ

ദൈവം ഏകനാണ് എന്നുള്ള വിശ്വാസസത്യം ഏറ്റുപറയുമ്പോൾത്തന്നെ ആ ദൈവത്തിൽ ബഹുത്വം സൂചിപ്പിക്കുന്ന, വിശദീകരിക്കാനാകാത്ത ചില പദപ്രയോഗങ്ങളും സംഭവങ്ങളും പഴയനിയമത്തിൽ നമുക്കു കണ്ടെത്തുവാൻ സാധിക്കും:

- ***ഏലോഹീം:*** 'ഏലോഹ' എന്ന ഹീബ്രുപദത്തിന്റെ ബഹുവചനരൂപമാണ് പഴയനിയമത്തിൽ 2570-ലേറെ പ്രാവശ്യം

പ്രത്യക്ഷപ്പെടുന്ന ഈ ദൈവനാമം. പ്രത്യക്ഷമായി ദൈവത്തിന്റെ ഏകത്വം ഏറ്റുപറയുമ്പോഴും ഈ പദം ആ ദൈവത്തിലെ ബഹുത്വമാണ് സൂചിപ്പിക്കുന്നത്.

- ***നമ്മുടെ/നമുക്ക്:*** "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉത്പ 1,26). നമ്മുടെ/നമുക്ക് എന്നീ പ്രയോഗങ്ങൾ പരിശുദ്ധത്രിത്വ സൂചനയായി കരുതാവുന്നതാണ്.

- ***ശിശു/പുത്രൻ/നിത്യനായ പിതാവ്/ശക്തനായ ദൈവം:*** "എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിൽ ആയിരിക്കും; വിസ്മനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും" (ഏശ 9,6).

ദൈവത്തിന്റെ നാമം വഹിച്ചുകൊണ്ട്, ദൈവത്തിന് നല്കപ്പെടുന്ന സകല വിശേഷണങ്ങളും സ്വീകരിച്ചുവരുന്ന ഈ മനുഷ്യൻ ആരായിരിക്കും? ദൈവം ഒരുവനേയുള്ളൂ എന്നു പറയുമ്പോൾ ഈ ശിശുവിനെ ദൈവം ('ഏൽ') എന്നു വിളിക്കുന്നത് എന്തുകൊണ്ട്? പുത്രൻതമ്പുരാന്റെ മനുഷ്യാവതാരത്തിന്റെ ശക്തമായ സൂചനയാണല്ലോ ഇത് (cf. ലൂക്കാ 2,11; ഏശ 7,14; വെളി 3,18).

- ***മനുഷ്യപുത്രൻ:*** "നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ വാനമേഘങ്ങളോടുകൂടി മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെമുമ്പിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും... അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്ത്വവും രാജത്വവും അവനു നല്കി. അവന്റെ രാജത്വം ശാശ്വതമാണ്.... അവന്റെ രാജത്വം അനശ്വരവുമാണ്" (ദാനി 7,13.14). ദാനിയേൽ ദർശനത്തിൽ കണ്ട ഈ വ്യക്തി ആരാണ്? വെറുതെ എഴുതിത്തള്ളാൻ കഴിയുന്നതല്ല ഈ വിവരണങ്ങൾ. കാരണം, മനുഷ്യപുത്രനെപ്പോലുള്ളവൻ വരുന്നത് 'വാനമേഘങ്ങളിൽ' ആണ്. 'മേഘം' എന്നത് ദൈവസാന്നിധ്യത്തിന്റെ സൂചനയായിട്ടാണ് വിശുദ്ധ ബൈബിൾ അവതരിപ്പിക്കുന്നത് (പുറ 13,21; 19,16). മാത്രമല്ല, സങ്കീർത്തനഭാഗങ്ങളും ഇതിനെക്കു





റിച്ച് വ്യക്തത നല്കുന്നു: "... മേഘങ്ങളിൽ സഞ്ചരിക്കുന്നവന് സ്തോത്രം ആലപിക്കുവിൻ, കർത്താവ് എന്നാണ് അവിടത്തെ നാമം" (സങ്കീ 68,4); "അങ്ങ് വാനമേഘങ്ങളെ രഥമാക്കി കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നു" (സങ്കീ 104,3). അപ്പോൾ ദൈവത്തെപ്പോലെ വാനമേഘങ്ങളിൽ സഞ്ചരിക്കുന്നവനും ദൈവം ഉപവിഷ്ടനായിരിക്കുന്നിടത്തേക്ക് ആനയിക്കപ്പെടുന്നവനുമായ "മനുഷ്യപുത്രൻ" ആരാണ്? (cf. മർക്കോ 14,62). ശാശ്വതവും അനശ്വരവുമായ രാജത്വം എന്ന ദൈവികഗുണം സ്വന്തമാക്കിയിട്ടുള്ള ഈ മനുഷ്യപുത്രൻ നശ്വരനായ വെറും മനുഷ്യനല്ല എന്നു സ്പഷ്ടം (1 കോറി 15,24).

• ***ആത്മാവ്:*** ദൈവത്തിന്റെ ശക്തിയും ചൈതന്യവും ആയിട്ടാണ് ആത്മാവ് പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്നത്. "ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമുകളിൽ ചലിച്ചുകൊണ്ടിരുന്നു" (ഉത്പ 1,3).

പ്രവാചകന്മാരിലേക്കു വന്ന് അവരെ ശക്തിപ്പെടുത്തി പ്രവർത്തനനിരതരാക്കിയതും അവരിൽ പ്രവർത്തിച്ചതും ദൈവത്തിന്റെ ആത്മാവായിരുന്നു. ദൈവത്തിൽനിന്നും വ്യത്യസ്തമായൊരു ശക്തിയല്ല, മറിച്ച് ദൈവം തന്നെയാണ് ആത്മാവ് എന്നാണ് നമുക്കു മനസ്സിലാക്കാനാകുന്നത്. എന്നാൽ ഈ ആത്മാവിന് തനതായ ഒരു വ്യക്തിത്വം ഉള്ളതായി വ്യക്തമാകുന്നു: "എന്നിട്ടും അവർ എതിർത്തു; അവിടത്തെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു" (ഏശ 63,10).

ഏകദൈവത്തിലെ ബഹുത്വത്തെ സംബന്ധിച്ച ഇതുപോലുള്ള പല സൂചനകളും പഴയനിയമത്തിൽനിന്ന് നമുക്കു ലഭിക്കുന്നുണ്ട്.

06



# പരിശുദ്ധ ത്രിത്വത്തിന്റെ അനാവരണം പുതിയനിയമത്തിൽ എങ്ങനെ?

ക്രമാനുഗതമായി വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യം പുതിയനിയമത്തിലാണ് പൂർണത കൈവരിക്കുന്നത്. പഴയനിയമത്തിൽ പ്രവാചകന്മാരിലൂടെ ലഭിച്ച ദൈവികവെളിപ്പെടുത്തലുകൾ അതിന്റെ പൂർണതയിൽ അവതരിപ്പിച്ചത് പുത്രനായ യേശു ആണ് (ഹെബ്രാ 1,1). ദൈവത്തെ 'ആബ്ബാ' എന്നു വിളിച്ചുകൊണ്ടും തന്നെത്തന്നെ അവിടത്തെ പുത്രനായി അവതരിപ്പിച്ചു കൊണ്ടും പിതാവു തരാനിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചു വെളിപ്പെടുത്തിക്കൊണ്ടുമാണ് യേശുക്രിസ്തു ത്രിയേകദൈവത്തെ പൂർണമായി വെളിപ്പെടു

ത്തിയത്. പക്ഷേ, ഇക്കാര്യങ്ങളെല്ലാം അവിടത്തെ ഉത്ഥാനശേഷമാണ് ശിഷ്യർക്കും പൂർണമായി വിശ്വസിക്കാനും ഗ്രഹിക്കാനും പ്രഘോഷിക്കാനും കഴിഞ്ഞത്. പുത്രൻ അവതരിപ്പിച്ച ഈ സത്യമാണ് പുതിയനിയമത്തിൽ ഉടനീളം നമുക്കു കാണുവാൻ സാധിക്കുന്നത്. ത്രിയേക ദൈവവിശ്വാസം എന്നത് അപ്പസ്തോലന്മാരിലൂടെയോ വിശുദ്ധ പൗലോസിലൂടെയോ സഭയിലൂടെയോ മെനഞ്ഞെടുക്കപ്പെട്ട ഒരു പുതിയ ചിന്ത ആയിരുന്നില്ല; മറിച്ച്, അപ്പസ്തോലന്മാർ ക്രിസ്തുവിൽനിന്നു രുചിച്ചറിഞ്ഞതും പ്രഘോഷിച്ചതും കൈമാറിത്തന്നതുമായിരുന്നു.

## 6.1 പരിശുദ്ധ ത്രിത്വം: യേശുവിന്റെ വെളിപ്പെടുത്തൽ

ദൈവം സ്നേഹവും കാരുണ്യവും നിറഞ്ഞ പിതാവാണെന്ന് പുത്രൻ വെളിപ്പെടുത്തി. 'പരിശുദ്ധത്രിത്വം', 'ത്രിയേകദൈവം' എന്നീ പദങ്ങൾ യേശു ഒരിക്കൽപോലും ഉപയോഗിച്ചിട്ടില്ല. എന്നാൽ യേശുവിന്റെ ജനനവും മാമ്മോദീസായും അവിടത്തെ 'ആബ്ബാ' ബോധവും അഭിഷേകവും പ്രബോധനങ്ങളും പ്രാർത്ഥനയും പ്രവർത്തനങ്ങളും പെസഹാരഹസ്യങ്ങളും നിരന്തരം വെളിപ്പെടുത്തിയത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തെത്തന്നെയാണ്. തന്റെ പ്രവർത്തനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും താൻ അവിടത്തെ പുത്രനാണെന്നും താൻ പിതാവിൽനിന്ന് അയയ്ക്കുന്ന സഹായകനാണ് പരിശുദ്ധാത്മാവെന്നും യേശുക്രിസ്തു വെളിപ്പെടുത്തി.

ഈശോയുടെ ജനനവാർത്തയുടെ നിമിഷംമുതൽ വെളിപാടിന്റെ തിരശ്ശീല ഉയരുകയായി. മംഗളവാർത്ത അറിയിച്ചുകൊണ്ട് ത്രിത്വരഹസ്യം മറനീക്കി പുറത്തുവരുന്നത് സുന്ദരമായ ഒരു കാഴ്ചയാണ്. സൂര്യൻ ഉദിക്കുന്നതിനു മുമ്പുള്ള ആ പ്രഭാവലയത്തെ നമുക്കൊന്നു കാണാം:

## 6.1 1) ബാലകാലവിവരണങ്ങളിൽ

- ***ഗബ്രിയേൽമാലാഖയും ത്രിത്വസന്ദേശവും:*** ഗബ്രിയേൽ മാലാഖയ്ക്കെന്താ ത്രിത്വത്തിൽ കാര്യം എന്നായിരിക്കും നിങ്ങൾ ചിന്തിക്കുന്നത്. അതറിയണമെങ്കിൽ നമ്മൾ പരിശുദ്ധമാതാവിനോടൊത്ത് അല്പസമയം



ചെലവഴിക്കണം. ത്രിത്വരഹസ്യം ആദ്യം മനസ്സിലാക്കിയ മനുഷ്യവ്യക്തി മറിയമാണ്. മംഗളവാർത്തയിൽ ദൂതൻ ഇപ്രകാരം പറഞ്ഞു: "മറിയമേ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും... പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,27-35).

ത്രിത്വത്തിലെ അത്യുന്നതൻ, ദൈവപുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളുകളെ ഇവിടെ പുതിയനിയമത്തിന്റെ തുടക്കത്തിൽത്തന്നെ നാം കാണുന്നു. യേശുവിന്റെ ജനനവാർത്തയിൽത്തന്നെ ത്രിത്വം തെളിഞ്ഞുനില്ക്കുന്നു!

- ***എലിസബത്തും ത്രിത്വവും:*** മറിയത്തിന്റെ അഭിവാദനസ്വരം ശ്രവിച്ച മാത്രയിൽ എലിസബത്തിന്റെ ഉദരത്തിൽ കിടന്ന ശിശു പരിശുദ്ധാത്മപൂരിതനായി കുതിച്ചു ചാടുകയും എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് മറിയത്തിന്റെ ഉദരഫലത്തെ വാഴ്ത്തുകയും ചെയ്തു. 'എന്റെ കർത്താവിന്റെ അമ്മ' എന്നു മറിയത്തെ അഭിസംബോധനചെയ്തുകൊണ്ട് എലിസബത്ത് യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ആദ്യമായി പ്രഘോഷിച്ച സ്ത്രീയായി മാറി. കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച മറിയത്തെ അവൾ പ്രകീർത്തിച്ചു(ലൂക്കാ 1,39-45). ഇവിടെ ഇസ്രായേലിന്റെ പരിശുദ്ധനെ ത്രിയേകദൈവമായിത്തന്നെ നാം കണ്ടുമുട്ടുന്നു.

- ***സഖറിയായുടെ പ്രവചനം:*** സഖറിയായുടെ പ്രവചനഗീതത്തിലും (ലൂക്കാ 1,67.79) ത്രിയേകദൈവം തെളിമ



യോടെ ശോഭിക്കുന്നു. ഇസ്രായേലിന്റെ ദൈവമായ കർത്താവ്, അത്യുന്നതൻ എന്നീ പ്രയോഗങ്ങളിലൂടെ പിതാവായ ദൈവത്തെയും (ലൂക്കാ 1,68.76) കർത്താവ് എന്ന പദത്തിലൂടെ (ലൂക്കാ 1,76) ദൈവപുത്രനെയും പരിശുദ്ധാത്മപ്രചോദനസൂചനയിലൂടെ (ലൂക്കാ 1,67) ത്രിത്വത്തിലെ മൂന്നാമത്തെ ആളെയും ഇവിടെ കണ്ടുമുട്ടാനാകുന്നു.

- ***ശിമയോന്റെ ദർശനം:*** ദൈവപുത്രനായ ശിശുവിനെ സകല ജനതകൾക്കുംവേണ്ടിയുള്ള രക്ഷയായി തിരിച്ചറിഞ്ഞ നീതിമാനായ ശിമയോനെ നാം ദർശിക്കുന്നു. പരിശുദ്ധാത്മപൂർണതയും പിതാവായ ദൈവത്തോടുള്ള നന്ദി പ്രകാശനവുമെല്ലാം ത്രിയേക ദൈവത്തിന്റെ വെളിപ്പെടുത്തലുകൾതന്നെ (ലൂക്കാ 2,25-35).

## 6.1 2) യേശുവിന്റെ ജ്ഞാനസ്നാനവും നമ്മുടെ ത്രിത്വാനുഭവവും

പരിശുദ്ധത്രിത്വത്തിലെ മൂന്ന് ആളുകളും മനുഷ്യർക്ക് ഇന്ദ്രിയ ഗോചരവും അനുഭവവേദ്യമാകുന്നവിധത്തിൽ ഒരുമിച്ച് സന്നിഹിതരാകുന്ന മനോഹരമായ ഒരു മൂഹൂർത്തമാണ് യേശുവിന്റെ ജ്ഞാനസ്നാനം. പാപികളായ മനുഷ്യരോടുള്ള പരിശുദ്ധനായ ദൈവപുത്രന്റെ ഐക്യദാർഢ്യവും അനുരൂപപ്പെടലും അവിടെ കാണാം. "ഇവൻ എന്റെ പ്രിയപുത്രൻ" എന്നു മനുഷ്യസമക്ഷം പ്രഖ്യാപിക്കുന്ന പിതാവിനെ നാം കേൾക്കുന്നു. പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്ന ദൈവാത്മാവിനെ നാം കാണുകയും ചെയ്യുന്നു (മത്താ 3,13.17).

## 6.1 3) പിശാചിന്റെ ബോധ്യം!

പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെടുന്ന ദൈവപുത്രനെമരുഭൂമിയിലെ പ്രലോഭനത്തിൽ (ലൂക്കാ

4,1-11) നാം കാണുന്നു. ഭൂമിയിലെ സകല രാജ്യങ്ങളും "എനിക്കു നല്കപ്പെട്ടിരിക്കുന്നു"വെന്ന് അവകാശപ്പെടുന്ന പിശാച് എല്ലാം ദൈവത്തിന്റേതാണെന്ന് (cf. സങ്കീ 2,8) പറയാതെ പറയുന്നതും നാം കേൾക്കുന്നു. യേശുവിനെ "ദൈവത്തിന്റെ പരിശുദ്ധൻ" ആയും (മർക്കോ 1,24) "അത്യുന്നതനായ ദൈവത്തിന്റെ പുത്രൻ" (ലൂക്കാ 8,28) ആയും തിരിച്ചറിയുന്ന പിശാചിനെ വിശുദ്ധഗ്രന്ഥത്തിൽ നമുക്ക് കാണാൻ സാധിക്കും. പിശാചിനുപോലും വ്യക്തമായ യേശുവിന്റെ ദൈവത്വം തിരിച്ചറിയാൻ കഴിയാത്ത മനുഷ്യന്റെ അവസ്ഥ ദയനീയംതന്നെ! യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്ന വ്യക്തി ദൈവത്തിന്റെ 'മകനും' 'മകളും' ആയിത്തീരുമെന്ന് അറിയാവുന്നതുകൊണ്ടാണ് യേശുക്രിസ്തു ദൈവപുത്രനല്ലായെന്നു പറയാൻ പിശാച് മനുഷ്യരെ പ്രലോഭിപ്പിക്കുന്നതും വിനാശത്തിന്റെ പടുകുഴിയിലേക്ക് ജനങ്ങളെ എത്തിച്ച് ആരുടെയൊക്കെയോ അടിമകൾമാത്രമാണ് തങ്ങൾ എന്നു വിശ്വസിക്കാൻ അവരെ പ്രേരിപ്പിക്കുന്നതും.

## 6.1 4) ത്രിത്വം യേശുവിന്റെ വാക്കുകളിൽ

- "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്താ 28,19). 'നാമങ്ങളിൽ' എന്നല്ല ഇവിടെയുള്ളത് എന്നു പ്രത്യേകം ശ്രദ്ധിക്കുക.
- "ദൈവം (പിതാവ്) അയച്ചവൻ (പുത്രൻ) ദൈവത്തിന്റെ (പിതാവിന്റെ) വാക്കുകൾ സംസാരിക്കുന്നു. ദൈവം (പിതാവ്) അളന്നല്ലല്ലോ ആത്മാവിനെ നല്കുന്നത്" (യോഹ 3,34).
- "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു ആശ്വാസകനെ അവിടന്ന് നിങ്ങൾക്കു തരുകയും ചെയ്യും" (യോഹ 14,16).
- "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്" (യോഹ 14,26)
- "...പിതാവ് എന്നെ അയച്ചതുപോലെ, ഞാനും നിങ്ങളെ അയയ്ക്കുന്നു... നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,21-23).

## 6.1 5) പരസ്പരം സാക്ഷ്യപ്പെടുത്തുന്ന ത്രിത്വം

തുടർന്നുള്ള ഭാഗത്ത് ത്രിത്വത്തിലെ മൂന്ന് ആളുകൾ പരസ്പരം സാക്ഷ്യപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന തിരുവചനങ്ങൾ നാം കാണുകയാണ്.

## 6.1 5.1) പിതാവിനെ വെളിപ്പെടുത്തുന്ന പുത്രൻ

'യാഹ്‌വേ' എന്ന ദൈവനാമം ഉച്ചരിക്കാൻ ഭയപ്പെട്ട്, യജമാനൻ അഥവാ കർത്താവ് എന്നർത്ഥമുള്ള 'അദൊണായ്' എന്നോ, പേര് എന്നർത്ഥമുള്ള 'ഹഷ്ഷേം' എന്നോ ദൈവത്തെ സംബോധന ചെയ്തിരുന്ന യഹൂദശൈലി യിൽനിന്നു വ്യത്യസ്തമായി, തികഞ്ഞ പുത്രസ്വാതന്ത്ര്യ ത്തോടെ 'പിതാവേ' എന്നു വിളിച്ചുപ്രാർത്ഥിക്കുകയും (മത്താ 11,25.26; 26,39; മർക്കോ 14,36; ലൂക്കാ 10,21; 22,42; 23,34.46; യോഹ 11,41; 12,27.28; 17,1.11.21.24.25) അങ്ങനെ പ്രാർത്ഥിക്കാൻ മനുഷ്യരെ പഠിപ്പിക്കുകയും ചെയ്തവ നാണ് ക്രിസ്തു (മത്താ 6,9–15; ലൂക്കാ 11,2). ദൈവമനുഷ്യ ബന്ധം ഉടമയും അടിമയും തമ്മിലുള്ള ബന്ധമല്ല, പിതാവും മക്കളും തമ്മിലുള്ള ബന്ധമാണെന്ന് യേശു നമ്മെ പഠിപ്പിച്ചു. ദൈവത്തെ പിതാവായി യേശു അവതരി പ്പിക്കുന്ന ഭാഗങ്ങൾ സുവിശേഷങ്ങളിൽ ഉടനീളം കാണാം (മത്താ 5,16.45.48; 6,1.4.6.8.14.15.17.18.26.32; 7,11.21; 10,20.29; 13,43; 23,9; യോഹ 4,21.23; 5,45; 6,27; 8,27; 10,17; 12,26,.49.50; 14,16.20.28; 15,1.8.9.23.24; 16,3.15.23.25–28; 20,21). ദൈവത്തെ 'പിതാവേ' എന്ന് വിളിക്കാൻ യേശു ശിഷ്യന്മാരെ പഠിപ്പി ച്ചെങ്കിലും നമുക്ക് ദൈവത്തോടുള്ള ബന്ധത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ് തനിക്ക് അവിടത്തോടുള്ള ബന്ധമെന്ന് യേശു വ്യക്തമാക്കി (cf. ലൂക്കാ 10,22; യോഹ 1,14.18; 3,35; 5,19.23.26; 6,37.57; 10,14; 14,10.11). അതാണ് "എന്റെ പിതാവും നിങ്ങളുടെ പിതാവും" (യോഹ 20,17; cf. മത്താ 10,32.33; 11,27; 12,50; 15,13; 16,17.27; 18,11.14.19.35; 20,23; 25,34; 26,29; 26,53; മർക്കോ 11,26; ലൂക്കാ 2,49; 6,36; 12,30.32; 22,29; 24,49; യോഹ 2,16; 5,17.18.43; 6,32.40; 8,8.19.38.49.55; 10,17.18.25.29; 14,6.7.21.23; 15,15) എന്ന് യേശു രണ്ടായി ത്തന്നെ പറഞ്ഞിരിക്കുന്നതിന്റെ കാരണം.

## 6.1. 5.2) പുത്രനെ വെളിപ്പെടുത്തുന്ന പിതാവ്

- യേശുവിന്റെ മാമ്മോദീസാവേളയിൽ "ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17) എന്നും യേശുവിന്റെ തേജസ്കരണവേളയിൽ "ഇവൻ



എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്ക് ശ്രവിക്കുവിൻ" (മർക്കോ 9,7) എന്നും അരുൾചെയ്തുകൊണ്ട് യേശു തന്റെ പുത്രനാണെന്നും താൻ അവിടത്തെ പിതാവാണെന്നും ദൈവം സാക്ഷ്യപ്പെടുത്തുന്നു.

കേസറിയാഫിലിപ്പിയിൽവച്ച് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്നു പ്രഖ്യാപിക്കാൻതക്കവിധം അപ്പസ്തോലപ്രമുഖനായ പത്രോസിന് പുത്രനെവെളിപ്പെടുത്തിക്കൊടുത്തത് പിതാവാണ് (മത്താ 16,17).

തന്നെക്കുറിച്ചുള്ള പിതാവിന്റെ സാക്ഷ്യത്തെപ്പറ്റി യേശുതന്നെ വ്യക്തമാക്കുന്നു (യോഹ 5,37; 6,65; 8,18).

- പിതാവാണ് യേശുവിലേക്കു മനുഷ്യരെ ആകർഷിക്കുന്നത് (യോഹ 6,44.45).


## 6.1 5.3) പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുന്ന പുത്രൻ

- പിതാവിൽനിന്നു പുറപ്പെടുന്നവനാണ് പരിശുദ്ധാത്മാവ് (യോഹ 15,26).
- പിതാവിൽനിന്ന് പുത്രൻ അയയ്ക്കുന്ന സഹായകനാണ് പരിശുദ്ധാത്മാവ് (യോഹ 14,16.26; 15,26).
- പരിശുദ്ധാത്മാവ് തന്റെമേലുണ്ട് (ലൂക്കാ 4,18).
- പിതാവിന്റെ ആത്മാവ് ശിഷ്യരെ ശക്തിപ്പെടുത്തും (മത്താ 10,20).

## 6.1 5.4) പിതാവിനെയും പുത്രനെയും മഹത്ത്വപ്പെടുത്തുന്ന പരിശുദ്ധാത്മാവ്

- ദൈവപുത്രന്റെ മനുഷ്യാവതാരം സാധ്യമായത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ് (മത്താ 1,18; ലൂക്കാ 1,35).
- യേശുവിൽ വസിച്ചത് പരിശുദ്ധാത്മാവാണ് (മത്താ 3,16).
- യേശുവിന് സാക്ഷ്യംനല്കാനും അവിടത്തെ നാമം പ്രഘോഷിക്കാനും ശക്തി നല്കുന്നത് പരിശുദ്ധാത്മാവാണ് (മത്താ 10,20; ലൂക്കാ 12,12).
- പരിശുദ്ധാത്മാവ് യേശുവിനെ (പുത്രനെ) മഹത്ത്വപ്പെടുത്തുന്ന (യോഹ 16,14).

പുത്രന്റെ മനുഷ്യാവതാരത്തിലൂടെയാണ് ദൈവത്തിന്റെ അന്തഃസത്ത ത്രിത്വം ആണെന്ന് നമുക്കു മനസ്സിലാക്കാൻ സാധിച്ചത്. ഈ ദൈവികവെളിപ്പെടുത്തൽ സഭയിലൂടെ എപ്രകാരം മുന്നോട്ടുപോയി എന്നാണ് അടുത്തതായി നാം മനസ്സിലാക്കാൻ പോകുന്നത്.




07

# ത്രിത്വവിശ്വാസത്തിന്റെ സ്ഥാപകൻ വിശുദ്ധ പൗലോസോ?

ഇത്തരം തെറ്റിദ്ധാരണ പരത്താൻ ചില കുബുദ്ധികൾ കുത്സിതശ്രമം നടത്തുന്നുണ്ട്. യേശുക്രിസ്തു വെളിപ്പെടുത്തിയ പരിശുദ്ധത്രിത്വത്തിൽ അപ്പസ്തോലന്മാരും ആദിമസഭയും വിശ്വസിക്കുകയും അവരുടെ പ്രബോധനങ്ങളിലും ആചരണങ്ങളിലും അതു പ്രകടമാക്കുകയും ചെയ്തിരുന്നെന്നത് ആർക്കും നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ മാറ്റി നിറുത്തിയാൽപോലും ത്രിത്വവിശ്വാസസാക്ഷ്യങ്ങൾക്ക് യാതൊരു കുറവും ആദിമസഭയിൽ ഉണ്ടായിരുന്നില്ല എന്നു വ്യക്തം. അതിനാൽത്തന്നെ ഈ വിവരണത്തിൽ വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ ഏറ്റവും ഒടുവിലായാണ് കൊടുത്തിരിക്കുന്നത്.

## 7.1 പരിശുദ്ധത്രിത്വം അപ്പസ്തോല പ്രവർത്തനങ്ങളിൽ


ഗ്രന്ഥത്തിന്റെ മുഖവുരതന്നെ (അപ്പ 1,1-5) പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. യേശുവിന്റെ സ്വർഗാരോഹണവിവരണത്തിലും (അപ്പ 1,6-11) ത്രിത്വപരാമർശമുണ്ട്. പന്തക്കുസ്താദിവസം തങ്ങളുടെമേൽ നിറഞ്ഞ പരിശുദ്ധാത്മശക്തിയാൽ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവികരഹസ്യത്തെക്കുറിച്ചും അവനിലൂടെയുണ്ടായ രക്ഷാകരസംഭവങ്ങളെക്കുറിച്ചും വിശുദ്ധ ശ്ലീഹന്മാർ പ്രഘോഷിക്കുവാൻ തുടങ്ങി. ദൈവം (പിതാവ്) യേശുക്രിസ്തുവഴി ചെയ്ത വലിയ കാര്യങ്ങളെ വർണിച്ചുകൊണ്ടും യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും പ്രകീർത്തിച്ചുകൊണ്ടും (അപ്പ 2,22-24) പരിശുദ്ധത്രിത്വരഹസ്യത്തിന്റെ ചുരുൾ നിവർത്തിക്കൊണ്ടും (അപ്പ 2,33) പിതാവിനോടുകൂടി പുത്രനും ദൈവമാണെന്ന് വ്യക്തമാക്കിക്കൊണ്ടും (അപ്പ 2,36) പരിശുദ്ധാത്മാവിൽ നിറഞ്ഞ് ദൈവത്തിന്റെ പിതൃത്വവും യേശുവിന്റെ കർതൃത്വവും ഏറ്റുപറഞ്ഞുകൊണ്ടും പത്രോസ്ശ്ലീഹാ നടത്തിയ ആദ്യപ്രസംഗം ശ്രദ്ധേയമാണ്. അതിനുശേഷം പത്രോസ് നടത്തുന്ന തന്റെ രണ്ടാമത്തെ പ്രസംഗത്തിൽ യേശുവിന്റെ മരണോത്ഥാനരഹസ്യങ്ങളെ വ്യക്തമായി അവതരിപ്പിച്ചുകൊണ്ട് യേശുവിനെ 'ജീവന്റെ നാഥനാ'യി വിശേഷിപ്പിച്ചു (അപ്പ 3,11-26). ന്യായാധിപസംഘത്തിനുമുന്നിൽനിന്നുകൊണ്ട് പത്രോസും അപ്പസ്തോലന്മാരും പ്രഘോഷിച്ചതും പരിശുദ്ധത്രിത്വത്തെത്തന്നെയാണ് (5,29-32).

സഭയിലെ ആദ്യത്തെ രക്തസാക്ഷിയായ വിശുദ്ധ സ്തേഫാനോസിന്റെ രക്തസാക്ഷിത്വവിവരണം (7,55-60) പരിശുദ്ധത്രിത്വസാന്നിധ്യം അടിവരയിട്ടുകൊണ്ടാണ് വിശുദ്ധ ലൂക്കാ രചിച്ചിരിക്കുന്നത്: "പരിശുദ്ധാത്മാവാൽ നിറഞ്ഞ് ... ദൈവത്തിന്റെ മഹത്ത്വം കണ്ടു; ദൈവത്തിന്റെ വലത്തുഭാഗത്തുനില്ക്കുന്ന യേശുവിനെയും" (7,55). യേശു തന്റെ മരണസമയത്ത് സങ്കീ 31,5 ഉദ്ധരിച്ചുകൊണ്ട് പിതാവിന്റെ കരങ്ങളിലേക്ക് ആത്മാവിനെസമർപ്പിച്ചതുപോലെ, സ്തേഫാനോസ് പ്രാർത്ഥിക്കുന്നു: "കർത്താവായ യേശുവേ, എന്റെ ആത്മാവിനെകൈക്കൊള്ളണമേ!" (7,59). തന്റെ മരണനിമിഷ

ത്തിൽ, യേശു തന്നെ ദ്രോഹിക്കുന്നവരോടു ക്ഷമിക്കാൻ പിതാവിനോടു പ്രാർത്ഥിച്ചതു പോലെ, സ്തേഫാനോസ് യേശുവിനോടു പ്രാർത്ഥിക്കുന്നു: ''കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുതേ!'' (7,60).

യേശുവിന്റെ നാമത്തിന് ഈ ഗ്രന്ഥം നല്കുന്ന പ്രാധാന്യം അനുവാചകന്റെ ശ്രദ്ധ ആകർഷിക്കാതിരിക്കില്ല (2,38; 3,6.16; 4,7.10.12.17.18.30; 5,40; 8,12.16; 9,15.16.21.27.28; 10,48; 15,26; 16,18; 19,17; 21,13; 22,16; 26,9). പിതാവിനുവേണ്ടി പ്രയോഗിച്ചിട്ടുള്ള 'കർത്താവ്' ('ക്യൂരിയോസ്', 1,24; 2,20.39.47; 3,20.22; 4,26.29; 5,19; 7,31.33.49; 10,14; 12,7.11.23; 13,47; 15,17; 17,24) എന്ന വിശേഷണം യേശുവിനുവേണ്ടി ഈ ഗ്രന്ഥത്തിൽ സമൃദ്ധമായി ഉപയോഗിച്ചിട്ടുണ്ട് (1,6.21; 2,36; 4,33; 5,14; 7,59.60; 8,16; 9,1.5.10.11.13.15.17.27.28.35.42; 10,36; 11,16.20.23.24; 14,3; 15,11.26; 16,31; 18,8.9.25; 19,5.13.17.20; 20,21.24.28.32.35; 21,13.14; 22,10.18.19; 23,11; 28,31). പൗലോസിന്റെ ആദ്യപ്രഘോഷണമായി അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വിവരിക്കുന്നത് യേശു ദൈവപുത്രനാണ് എന്ന സത്യമാണ് (9,20). വിജാതീയരോടുള്ള ആദ്യപ്രഘോഷണം പത്രോസ് ആരംഭിക്കുന്നത് യേശുവിനെദൈവം പരിശുദ്ധാത്മാവിൽ അഭിഷേചിച്ചു എന്നു പറഞ്ഞുകൊണ്ടാണ് (10,38). യേശുവിൽ ''വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമംവഴി പാപമോചനം നേടുമെന്ന് പ്രവാചകന്മാരെല്ലാം അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു'' (10,43) എന്നു പ്രഘോഷിച്ചുകൊണ്ടാണ് അദ്ദേഹം അവസാനിപ്പിക്കുന്നത്. ''യേശുക്രിസ്തുവിന്റെ നാമത്തിൽ'' കൊർണേലിയൂസിനെയും കൂട്ടരെയും അവർ സ്നാനപ്പെടുത്തി (10,48) എന്നു നമ്മൾ വായിക്കുമ്പോൾ ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും'' നാമത്തിലുള്ള ജ്ഞാനസ്നാനത്തിന്റെ മറ്റൊരു രൂപവും കൂടി ദൃശ്യമാവുകയാണ്! യേശുവിന്റെ നാമവും ത്രിത്വനാമവും ഇത്രമാത്രം താദാത്മ്യം പ്രാപിക്കുന്നത് അതിശയകരമായിരിക്കുന്നു!!

ജറുസലേംസൂനഹദോസിലെ പത്രോസിന്റെ പ്രഭാഷണത്തിലും ത്രിത്വസൂചന വ്യക്തമാണ് (15,8.11). ആത്മഹത്യ ചെയ്യാനൊരുങ്ങിയ തടവറകാവല്ക്കാരനോട് പൗലോസും സീലാസും പറഞ്ഞത് ''കർത്താവായ യേശുവിൽ വിശ്വസിക്കുക'' എന്നായിരുന്നു (16,31).



എന്നാൽ, തുടർന്നു നാം വായിക്കുന്നു: "ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അവനും കുടുംബം മുഴുവനും ആനന്ദിച്ചു" (16,34). എഫേസോസുകരോട് വിടചൊല്ലുന്ന സമയത്തും വിശുദ്ധ പൗലോസ് സംസാരിച്ചത് പരിശുദ്ധത്രിത്വത്തെക്കുറിച്ചുതന്നെ (20,21.23.24.28).

അപ്പസ്തോലപ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള പരാമർശങ്ങൾ സുലഭമാണ്. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനായി ഒരുക്കത്തോടെ കാത്തിരിക്കണമെന്ന് ക്രിസ്തുനാഥൻ ശിഷ്യരോട് ആവശ്യപ്പെടുകയും (1,5) പരിശുദ്ധാത്മാവു വന്നുകഴിയുമ്പോൾ അവർ ശക്തിപ്രാപിക്കും, ക്രിസ്തുവിനു സാക്ഷ്യം വഹിക്കും (1,8) എന്നുറപ്പുനല്കുകയും ചെയ്യുന്നു. അവിടത്തെ വാഗ്ദാനപൂർത്തീകരണം പന്തക്കുസ്താദിനത്തിൽ (അപ്പ 2) നാം കാണുന്നു. ഒരുക്കത്തോടെ കാത്തിരുന്ന ശിഷ്യഗണം പരിശുദ്ധാത്മാവിൽ നിറയുന്നു. സുവിശേഷപ്രസംഗത്തിനുള്ള ശക്തിയും ധൈര്യവും പരിശുദ്ധാത്മാവു പകരുന്നു (4,21-31). "പരിശുദ്ധാത്മാവിനോടു കള്ളംപറഞ്ഞെ"ന്നതാണ് അനനിയാസ്-സഫീറാ ദമ്പതികളുടെ പാപം (അപ്പ 5,3). ദൈവവചനത്തെ നിഷേധിക്കുന്നവരെ "മർക്കടമുഷ്ടികളേ . . . നിങ്ങൾ എല്ലായ്പോഴും പരിശുദ്ധാത്മാവിനോടു ചെറുത്തുനില്ക്കുന്നു" (7,51) എന്ന് എസ്തപ്പാനോസ് ശാസിക്കുന്നു. ഇവയും, "പരിശുദ്ധാത്മാവും സാക്ഷിയാണ്" (5,32), "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (15,28) എന്നീ പ്രയോഗങ്ങളും പരിശുദ്ധാത്മാവിന്റെ ആളത്തത്തിന്റെ നേർക്കാഴ്ചകളാ

ണ്. സമരിയാക്കാരുടെ പെന്തക്കൊസ്തായും (8,14-17) പൗലോസിന്റെ പെന്തക്കൊസ്താനുഭവവും (9,10-19) എഫേസോസിലെ യഹൂദരുടെ പെന്തക്കൊസ്തായും (അപ്പ 19,1-6) സഭയുടെ വളർച്ചയിലും ദൈവ രാജ്യസ്ഥാപനത്തിലും പരിശുദ്ധാത്മാവിന്റെ മുൻകൈ വ്യക്തമാക്കുന്നതാണ്. എത്യോപ്യക്കാരന്റെ പക്ക ലേക്കു പീലിപ്പോസിനെ കൃത്യമായി നയിക്കുന്നിടത്തും (8,26-40) പത്രോസിനെവിജാതീയനായ കൊർണേലി യൂസിന്റെ ഭവനത്തിലേക്കു നയിക്കുന്നിടത്തും (അപ്പ 10) പരിശുദ്ധാത്മാവിന്റെ ഇടപെടൽ വ്യക്തമാണ്.

## 7.2 ത്രിത്വവിശ്വാസത്തിന്റെ അവതരണം കാതോലികലേഖനങ്ങളിൽ

തങ്ങൾ പ്രഘോഷിച്ചതൊന്നും, മെനഞ്ഞെടുക്കപ്പെട്ട ഒരു കല്പിതകഥയിൽ വിശ്വസിച്ചുകൊണ്ടായിരുന്നില്ല മറിച്ച്, തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തി ലായിരുന്നെന്ന് വിശുദ്ധ പത്രോസ് സഭയെ ഓർമ്മിപ്പി ക്കുന്നു (2 പത്രോ 1,16). ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതു മായ ജീവന്റെ വചനത്തെക്കുറിച്ചാണ്'' തങ്ങൾ പ്രഘോ ഷിക്കുന്നത് (1 യോഹ 1,1) എന്ന് വിശുദ്ധ യോഹ ന്നാൻശ്ലീഹായും പറയുന്നു. ഏകനായ ദൈവം ത്രിത്വം ആണെന്ന സത്യം അവർ തിരിച്ചറിഞ്ഞതുകൊണ്ടാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ വ്യക്തിത്വ ങ്ങളെക്കുറിച്ച് അവർ സഭയെ പ്രബോധിപ്പിച്ചത്.

- ***വിശുദ്ധ പത്രോസിന്റെ ലേഖനത്തിൽ:*** താൻ ദൃക്സാക്ഷിയായ ഒരു സംഭവത്തെ അവതരിപ്പിച്ചു കൊണ്ടുതന്നെ ദൈവത്തിന്റെ പിതൃത്വത്തെയും യേശു വിന്റെ പുത്രത്വത്തെയും (2 പത്രോ 1,17.18) കുറിച്ച് പറ യുമ്പോൾതന്നെ സ്വർഗത്തിൽനിന്നും അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവാണ് സുവിശേഷം പ്രഘോഷിക്കുവാൻ സഹായിക്കുന്നതെന്നും (1 പത്രോ 1,12) വിശുദ്ധ പത്രോസ് പഠിപ്പിക്കുന്നു.

- ***വിശുദ്ധ യോഹന്നാന്റെ ലേഖനത്തിൽ:*** 'ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവിടത്തെ പുത്രനായ യേശുക്രിസ്തുവിനോടും കൂടിയാണ്' (1 യോഹ 1,1-3). ''തന്റെ ഏക പുത്രൻവഴി നാം ജീവിക്കേണ്ടതിനായി



ദൈവം (പിതാവ്) അവനെലോകത്തിലേക്ക് അയച്ചു. അങ്ങനെദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു ... ദൈവം തന്റെ ആത്മാവിനെനമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു'' (1 യോഹ 4,9-13).

• ***വിശുദ്ധ യൂദാസിന്റെ ലേഖനത്തിൽ:*** യൂദാസ് തന്റെ ലേഖനത്തിൽ ദൈവം പിതാവാണെന്ന് ഏറ്റുപറയുകയും (യൂദാ 1,1) ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ (1,4) തള്ളിപ്പറയുന്നവരെ എതിർക്കുകയും, ക്രിസ്തുവിന്റെ കർതൃത്വത്തെ തള്ളിപ്പറയുന്ന ഇത്തരം മനുഷ്യർ പരിശുദ്ധാത്മാവ് ഇല്ലാത്തവരാണെന്ന് (1,19 .20) വ്യക്തമാക്കുകയും ചെയ്യുന്നു.

• ***വിശുദ്ധ യാക്കോബിന്റെ ലേഖനത്തിൽ:*** "...നാവുകൊണ്ട് കർത്താവിനെയും പിതാവിനെയും നാം സ്തുതിക്കുന്നു'' (യാക്കോ 3,9) എന്നു പറയുന്നതിലൂടെ യേശുവിന്റെ കർതൃത്വത്തെയും ദൈവത്തിലെ പിതൃത്വത്തെയും ഏറ്റുപറയുന്ന ശ്ലീഹാ പിതാവിനും പുത്രനും സ്തുതിയർപ്പിക്കുന്ന നാവിനെ വിശുദ്ധമായി സൂക്ഷിക്കുവാൻ സഭയെ ഓർമിപ്പിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തു തിരഞ്ഞെടുത്ത് തന്നോടൊപ്പം കൂട്ടിയ വിശുദ്ധ ശ്ലീഹന്മാർ ക്രിസ്തുവിലൂടെ വെളിപ്പെട്ട ത്രിത്വരഹസ്യം എപ്രകാരമാണ് ആദിമസഭയിൽ അവതരിപ്പിച്ചത് എന്നാണ് നാം ഇവിടെ കണ്ടത്. ഇനി നാം കടന്നുചെല്ലാൻ പോകുന്നത് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലേക്കാണ്.



## 7.3 ത്രിത്വം വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ

ആദികാലങ്ങളിൽ യേശുവിന്റെ സഭയെ പീഡിപ്പിക്കുകയും ക്രിസ്തുശിഷ്യരെ മർദിക്കുകയും ദമാസ്കസ് അനുഭവത്തിലൂടെ മാനസാന്തരപ്പെടുകയും, തുടർന്ന് അനനിയാസിലൂടെ ജ്ഞാനസ്നാനം ഏല്ക്കുകയും പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്ത പൗലോസ് എപ്രകാരമാണ് ത്രിത്വരഹസ്യം തന്റെ സഭയ്ക്കായി അവതരിപ്പിച്ചിരിക്കുന്നതെന്ന് നമുക്കു നോക്കാം:

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെയുണ്ടായിരിക്കട്ടെ" (2 കോറി 13,13) എന്ന ആശീർവാദത്തിലൂടെ പരിശുദ്ധത്രിത്വത്തിന്റെ പൂർണമായ അവതരണം വിശുദ്ധ പൗലോസിന്റെ ലേഖനത്തിൽ നമുക്കു കാണുവാൻ സാധിക്കും.

തന്റെ ലേഖനങ്ങളിൽ ത്രിത്വത്തിലെ ഓരോ വ്യക്തിയെക്കുറിച്ചും വ്യക്തത നല്കുവാൻ ശ്ലീഹാ ശ്രമിക്കുന്നുണ്ട്. അതിൻപ്രകാരം ആരാണ് പിതാവെന്നും ആരാണ് പുത്രൻ എന്നും ആരാണ് പരിശുദ്ധാത്മാവെന്നും നമുക്കു മനസ്സിലാക്കാം:

## 7.3 1) ആരാണ് പിതാവായ ദൈവം?

- അവിടന്ന് "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമാണ്" (റോമാ 15,6; കൊളോ 1,3; 2 കോറി 1,3).
- അവിടന്ന് സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വ ങ്ങൾക്കും നാമകാരണം ആണ് (എഫേ 3,15).
- പിതാവായ ദൈവം അവിടത്തെ പുത്രനെ നമുക്കു നല്കി (റോമാ 8,32).

## 7.3 2) ആരാണ് പുത്രൻ?

- അവിടന്ന് "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും ആദ്യജാതനുമാണ്" (കൊളോ 1,15).
- അവിടന്ന് ദൈവത്തിന്റെ രൂപത്തിൽ ദൈവത്തോടു സമ നായിരുന്നു. എന്നാൽ ഈ സമാനത നിലനിറുത്താതെ അവിടന്ന് മനുഷ്യരൂപം സ്വീകരിച്ചു (ഫിലി 2,6-9).
- "ജഢപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു" ജനിച്ചു (റോമാ 1,3).

## 7.3 3) ആരാണ് പരിശുദ്ധാത്മാവ്?

- "ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ വെളിപ്പെ ടുത്തിത്തരുന്നവൻ" (1 കോറി 2,10).
- "നമ്മിൽ വസിക്കുന്നവൻ" (1 കോറി 6,19).
- "യേശു കർത്താവാണ് എന്നുപറയാൻ" സഹായിക്കുന്ന വൻ (1 കോറി 12,3).
- ദൈവത്തെ പിതാവേ എന്നു വിളിക്കാൻ സഹായിക്കുന്ന വൻ (റോമാ 8,15).
- പ്രാർത്ഥിക്കാൻ സഹായിക്കുന്നവൻ (റോമാ 8,26).
- വരങ്ങളും ഫലങ്ങളും വർഷിക്കുന്നവൻ (1 കോറി 12).

ത്രിയേകദൈവവിശ്വാസം യേശുക്രിസ്തു വെളിപ്പെടുത്തിയ സത്യമാണെന്നും അതിന് വിശുദ്ധഗ്രന്ഥത്തിന്റെ അടി സ്ഥാനമുണ്ടെന്നും ക്രിസ്തു വെളിപ്പെടുത്തിയത് അവിടത്തെ ശ്ലീഹന്മാർ വിശ്വസ്തതാപൂർവം കൈമാറ്റം ചെയ്തെന്നും നാം മനസ്സിലാക്കി.

ഇനി ത്രിയേകദൈവസംബന്ധിയായ ഏതാനും വിചിന്തന ങ്ങൾകൂടി:

08



# ത്രിത്വം നിഖ്യാസൂനഹദോസിന്റെ (എ.ഡി. 325) കണ്ടുപിടുത്തമോ?

ആദിമസഭയിൽ മാമ്മോദീസാ കൊടുത്തിരുന്നത്, യേശുവിന്റെ കല്പനപ്രകാരം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരുന്നു (മത്താ 27,20); അതുപോലെതന്നെ, എല്ലാ കൂദാശകളും.

സഭാപിതാക്കന്മാർ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ദൈവികവ്യക്തികളെക്കുറിച്ച് ഏകത്വത്തിൽ ഊന്നി വിശദീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു എന്നത് അവരുടെ രചനകളിൽനിന്നു വ്യക്തമാണ്.

സഭയുടെ ആദിമകാലത്തെ ദൈവശാസ്ത്രജ്ഞനും രക്തസാക്ഷിയുമായ വിശുദ്ധ ജസ്റ്റിൻ (എ.ഡി. 110 –165) ക്രൈസ്തവവിശ്വാസത്തെയും ആചാരങ്ങളെയും ന്യായീകരിച്ചുകൊണ്ട് എഴുതുന്നു: "എന്തെന്നാൽ എല്ലാവരുടെയും പിതാവും കർത്താവുമായ ദൈവത്തിന്റെയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർ അപ്പോൾ ജലസ്നാനം സ്വീകരിക്കുന്നു" (*പ്രഥമ ന്യായീകരണം*, 61).

പാശ്ചാത്യസഭാപിതാവായ വിശുദ്ധ ഇറനേവൂസ് (എ.ഡി. 153 –217) ആദിമസഭയിൽ നിലനിന്നിരുന്ന ഏകദൈവവിശ്വാസപ്രബോധനവും അതിന്റെ ത്രിത്വമാനവും തന്റെ രചനകളിലൂടെ വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "എന്തെന്നാൽ വചനവും ജ്ഞാനവും – പുത്രനും ആത്മാവും – എപ്പോഴും അവിടത്തോടൊപ്പമുണ്ട്. അവരിലൂടെയും അവരിലുമാണ് അവിടന്ന് സകലതും സ്വതന്ത്രമായും സ്വയംപ്രേരിതമായും സൃഷ്ടിച്ചത്. അവരോടാണ് 'നമ്മുടെ ഛായയിലും സാദൃശ്യത്തിലും നമുക്കു മനുഷ്യനെ സൃഷ്ടിക്കാം' എന്ന് അവിടന്നു പറഞ്ഞത്" (*പാഷണ്ഡതകൾക്കെതിരേ*, 4,20,1).

അലക്സാണ്ട്രിയായിലെ വിശുദ്ധ ക്ലെമന്റ് (എ.ഡി. 150–216) എഴുതുന്നു: "ഓ മൗതികവിസ്മയം! ഏവരുടെയും പിതാവ് ഏകനാണ്. സാർവത്രിക വചനവും ഏകൻ തന്നെ. എല്ലായിടത്തും ഒന്നുതന്നെയായ പരിശുദ്ധാത്മാവും ഏകനാണ്" (*അധ്യാപകന്*, 1,6)

ഗ്രീക്കിൽ 'ത്രിയാസ്' എന്ന പദം അന്തോക്യായിലെ മെത്രാനായിരുന്ന വിശുദ്ധ തെയോഫിലോസ് എ.ഡി. 181–ൽ ഉപയോഗിച്ചു. ലത്തീനിൽ 'ത്രിനിത്താസ്' ('ത്രിത്വം') എന്ന പദം ആദ്യമായി പ്രയോഗിച്ചത് തെർത്തുല്യൻ (എ.ഡി. 155–240) ആണ്. ആ പ്രയോഗം ഇപ്രകാരമാണ്: "എന്തെന്നാൽ, ഏകത്വം (Unitas) ത്രിത്വത്തിലാണ് (Trinitas) ക്രമീകൃതമായിരിക്കുന്നത്" (*പ്രാക്സെയാസിനെതിരേ*, 2,4). എ.ഡി. 197–206 കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ കൃതികൾ സത്യവിശ്വാസത്തിന്റെ സുന്ദരമായ പ്രകാശനങ്ങളാണ്. ക്രിസ്തു സംഭവം വിവരിച്ചുകൊണ്ട് തെർത്തുല്യൻ എഴുതുന്നു: "അവിടന്ന് പിതാവിൽനിന്ന്, തന്റെ വാഗ്ദാനമനുസരിച്ച്, പിതാവിലും പുത്രനിലും



പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവരുടെ വിശ്വാസത്തെ പവിത്രീകരിക്കുന്നവനായ, സഹായകനായ പരിശുദ്ധാത്മാവിനെ അയച്ചുവെന്നു ഞങ്ങൾ വിശ്വസിക്കുന്നു" (*പ്രാക്സെയാസിനെതിരേ*, 2,1).

എ.ഡി. 325-ലാണ് നിഖ്യാസൂനഹദോസ് കൂടിയത്. സൂനഹദോസിൽ അലക്സാണ്ട്രിയൻ ബിഷപ്പിന്റെ സഹായിയായിരുന്ന അത്തനാസിയൂസിന്റെ അതിശക്തമായ വാദഗതികൾ പിൻതുടർന്ന് സഭ ക്രൈസ്തവ ദൈവദർശനത്തിന് ഉചിതമായ ഒരു പദമായി ത്രിത്വത്തെ സ്വീകരിക്കുകയും ത്രിത്വദർശനത്തെ വിശദീകരിക്കുകയും ആത്യന്തികമായി സ്ഥാപിക്കുകയും ചെയ്യുകയായിരുന്നു. എന്നാൽ ഈ പദപ്രയോഗം ഒരിക്കലും പൂർണമല്ല. ദൈവമെന്ന മഹാരഹസ്യത്തെ ബുദ്ധിക്കോ ഭാഷയ്ക്കോ പൂർണമായും ഉൾക്കൊള്ളാനായാൽപ്പിന്നെ, ബുദ്ധിയും ഭാഷയും ദൈവമാകുമല്ലോ!

സഭാപിതാക്കന്മാരുടെ എല്ലാ കൃതികളും വ്യക്തമാക്കുന്നത് പുരാതനക്രൈസ്തവസഭകളിൽ ത്രിയേകദൈവവിശ്വാസമാണ് നിലനിന്നിരുന്നത് എന്നാണ്. ക്രിസ്തുവിൽനിന്ന് അപ്പസ്തോലന്മാരിലൂടെ കൈമാറ്റംചെയ്യപ്പെട്ടതും ആദിമസഭ പൂർണവിശ്വാസത്തോടെ സ്വീകരിച്ചു ജീവിച്ചതുമായ അമൂല്യവും സമ്പൂർണവുമായ ദൈവികവെളിപാടാണ് അത്. വ്യത്യസ്ത പാഷണ്ഡതകളുടെ പശ്ചാത്തലത്തിൽ 325 -ൽ നിഖ്യാസൂനഹദോസ് ഈ സത്യവിശ്വാസം ഔദ്യോഗികമായും ആത്യന്തികമായും പ്രഖ്യാപിച്ചു എന്നുമാത്രം.

09



# സ്നേഹസ്രോതസ്സേ, ആരാധന!

**ദൈ**വം നമ്മുടെ സ്തുതിയും സ്തോത്രവും ആരാധനയും അർഹിക്കുന്നവനാണ്. പക്ഷേ, അതൊന്നും ദൈവത്തിന്റെ മഹത്ത്വത്തെ തെല്ലും വർധിപ്പിക്കുന്നില്ല. മറിച്ച്, നമുക്ക് അത് ഗുണകരമായിത്തീരുന്നു. സ്നേഹത്തിൽ വളരാൻ, ഐക്യത്തിലും ശുശ്രൂഷയിലും ശക്തിപ്പെടാൻ അതു നമ്മെ പ്രാപ്തരാക്കുന്നു.

## 9.1 പരിശുദ്ധ ത്രിത്വം: സ്നേഹത്തിന്റെ കൂട്ടായ്മ

"ദൈവം സ്നേഹമാണ്" (1 യോഹ 1,8). പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം മഹത്ത്വപ്പെടുത്തുന്നതുവഴിയാണ് ഈ സ്നേഹത്തിന്റെ പൂർണത പരിശുദ്ധ ത്രിത്വത്തിൽ നമുക്ക് കണ്ടെത്തുവാൻ സാധിക്കുന്നത്. എന്തെന്നാൽ പുത്രനോടുള്ള സ്നേഹത്തിലൂടെയാണ് പിതാവ് പുത്രനെ മഹത്ത്വപ്പെടുത്തുന്നത് (യോഹ 17,24). പിതാവിനോടു വിശ്വസ്തനായിരുന്ന് അവിടത്തെ പ്രവൃത്തികൾ ചെയ്തുകൊണ്ട് പുത്രൻ

പിതാവിനെയും മഹത്ത്വപ്പെടുത്തുന്നു (യോഹ 17,4). പിതാവും പുത്രനും പരസ്പരം മഹത്ത്വപ്പെടുത്തുമ്പോൾ (യോഹ 17,1) പരിശുദ്ധാത്മാവ് പുത്രനെ മഹത്ത്വപ്പെടുത്തുന്നു (യോഹ 16,:4). പിതാവിൽനിന്നു ശ്രവിക്കുന്നതാണ് താൻ പറയുന്നതെന്ന് പുത്രനും (യോഹ 5,30, 12,49, 17,8) നിങ്ങൾ പുത്രനെയാണ് ശ്രവിക്കേണ്ടത് എന്ന് പിതാവും (മർക്കോ 9,7) പറയുമ്പോൾ പരിശുദ്ധാത്മാവു വന്ന് പുത്രനെ മഹത്ത്വപ്പെടുത്തുകയും (യോഹ 16,4) പിതാവിനെയും പുത്രനെയും ഏറ്റുപറയുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു (റോമാ 8,15; 1 കോറി 12,13). ഇപ്രകാരമുള്ള നിസ്വാർത്ഥമായ സ്നേഹത്തിലാണ് പരിശുദ്ധ ത്രിത്വത്തിലെ ഓരോ വ്യക്തിയും ഐക്യത്തിൽ വസിക്കുന്നത്.

## 9.2 നമ്മിൽ വസിക്കുന്ന പരിശുദ്ധ ത്രിത്വം

ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടത്തെ അനുസരിക്കുകയും ചെയ്യുന്ന ഒരുവനിൽ പരിശുദ്ധ ത്രിത്വം വസിക്കുന്നു. എന്തെന്നാൽ യേശു ഇപ്രകാരം അരുൾചെയ്തു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). "എന്നേക്കും നിങ്ങളോടുകൂടി ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടന്ന് നിങ്ങൾക്കു തരും" (യോഹ 14,16). അപ്രകാരം പരിശുദ്ധ ത്രിത്വത്തിലെ മൂന്നു വ്യക്തികളും നമ്മിൽ വസിക്കുകവഴി യേശുക്രിസ്തുവിലൂടെ നാം ദൈവത്തോട് പൂർണമായി ഐക്യപ്പെട്ടിരിക്കുന്നു.

## 9.3 ത്രിയേക ദൈവത്തിന് ആരാധന

സ്വർഗീയവൃന്ദം പരിശുദ്ധ ത്രിത്വത്തിന് ആരാധനയർപ്പിക്കുന്ന രംഗം വെളിപാട് 4, 5 അധ്യായങ്ങളിൽനാം കാണുന്നു. ഇവിടെ 'ദൈവത്തിനും' 'കുഞ്ഞാടിനും' ആധിപത്യവും സ്തുതിയും മഹത്ത്വവും അർപ്പിക്കുന്ന സ്വർഗീയവൃന്ദത്തെ നമുക്ക് കാണാനാകും (വെളി 4,8; 5,13). അവരോടുചേർന്ന് നമുക്കും ഇപ്രകാരം ഉദ്ഘോഷിക്കാം: "ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനുമായ സർവശക്തനായ ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" (വെളി 4,8).

**ക്രിസ്തുവിലൂടെ വെളിപ്പെട്ട
ഈ വിശ്വാസസത്യത്തെയാണ് നാം
വിശ്വസിക്കുന്നതും ഏറ്റുപറയുന്നതും.
ആകയാൽ ഈ സത്യവിശ്വാസത്തിന്
എതിരേ സംസാരിക്കുന്നവർ
പരിശുദ്ധാത്മാവ് ഇല്ലാത്തവരും
കേവലം ലൗകികരുമാണ്.**



# ഇനിയും ആർക്ക് നിങ്ങളെ വഞ്ചിക്കാനാകും?

**ദൈ**വം ഏകൻ ആണെന്നും അവിടന്നിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്തങ്ങൾ ഉണ്ടെന്നും അതു വെളിപ്പെടുത്തിയത് പുത്രനായ യേശുക്രിസ്തു ആണെന്നും നാം മനസ്സിലാക്കി. 'പരിശുദ്ധത്രിത്വ' വിശ്വാസം എന്നത് യേശുവിന്റെ ജീവിതത്തിലൂടെയും പ്രവൃത്തിയിലൂടെയും പ്രബോധനത്തിലൂടെയുമാണ് നമുക്കു വെളിപ്പെട്ടുകിട്ടിയത്. ക്രിസ്തുവിലൂടെ വെളിപ്പെട്ട ഈ വിശ്വാസസത്യത്തെയാണ് നാം വിശ്വസിക്കുന്നതും ഏറ്റുപറയുന്നതും. ആകയാൽ ഈ സത്യവിശ്വാസത്തിന് എതിരേ സംസാരിക്കുന്നവർ പരിശുദ്ധാത്മാവ് ഇല്ലാത്തവരും കേവലം ലൗകികരുമാണ്. സമൂഹത്തിൽ ഭിന്നിപ്പ് ഉണ്ടാക്കുവാനാണ് ഇത്തരം മനുഷ്യർ ശ്രമിക്കുന്നത് (യൂദാ 1,18.19).

ആകയാൽ നാം ഒരു കാര്യം മനസ്സിലാക്കുക: പരിശുദ്ധ ത്രിത്വത്തിലെ ഏതെങ്കിലും ഒരു വ്യക്തിയെ നിഷേധിക്കുന്നതിലൂടെ ദൈവത്തെത്തന്നെയാണ് നിഷേധിക്കുന്നത് (1 യോഹ 2,22.23). അതുകൊണ്ട് അധമവികാരങ്ങൾക്കും ലൗകികമോഹങ്ങൾക്കും അടിപ്പെട്ട് യേശുവിന്റെ കർത്തൃത്വത്തെ നിഷേധിക്കുന്നവരിൽനിന്ന് അകന്നിരിക്കുകയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട് നമ്മുടെ ഈ പവിത്രമായ വിശ്വാസത്തിൽ നിലനില്ക്കുകയും ചെയ്യുവിൻ (യൂദാ 18.25). എന്തെന്നാൽ, പിതാവ് തന്റെ പുത്രനിലൂടെ വെളിപ്പെടുത്തിയ ഈ ദൈവികരഹസ്യം അവിടന്ന് "ബുദ്ധിമാന്മാരിൽ നിന്നും ജ്ഞാനികളിൽ നിന്നും മറച്ചുവച്ച്" ശിശുക്കളായ നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു.

10



# ത്രിത്വൈകദൈവത്തിന് ആധുനിക ജീവിതത്തിൽ എന്തുകാര്യം?

**സൈ**ദ്ധാന്തികവും വിശ്വാസപരവുമായ ഒരു തലത്തിനപ്പുറം പ്രായോഗികതയുടെ തെളിഞ്ഞ കാഴ്ച പരിശുദ്ധ ത്രിത്വം സമ്മാനിക്കുന്നുണ്ട്. “പിതാവേ ഞാൻ നിന്നിലും നീ എന്നിലും ആയിരിക്കുന്നതുപോലെ ഇവരും നമ്മിൽ” (യോഹ 17,21) ആയിരിക്കണം എന്ന ക്രിസ്തുവിന്റെ ആഗ്രഹവും പ്രാർത്ഥനയും നമ്മെ ക്ഷണിക്കുന്നത് ഈ യഥാർത്ഥ സ്നേഹത്തിന്റെ കൂട്ടായ്മയിലേക്കാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മാതൃകയാണ്. ഈ മാതൃകയാണ് ജീവിതത്തിൽ നാം സ്വീകരിക്കേണ്ടതും അനുകരിക്കേണ്ടതും.

പരിശുദ്ധ ത്രിത്വത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും സ്നേഹൈക്യത്തിലാണ് ദൈവത്തിന്റെ ഏകത്വം നിലനില്ക്കുന്നത്. പരസ്പരം അംഗീകരിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന വലിയ ഒരു സ്നേഹൈക്യത്തെയാണ് ത്രിത്വത്തിൽ നമുക്കു കാണാൻ സാധിക്കുന്നത്. പിതാവ് തന്നെക്കാൾ വലിയവൻ എന്ന് ദൈവപുത്രൻ പറയുമ്പോൾ (യോഹ

14,28) പിതാവ് താനാണ് വലിയവൻ എന്നു ഭാവിക്കുകയല്ല, മറിച്ച് പുത്രനെ അംഗീകരിക്കുകയും "ഇവന്റെ വാക്കു ശ്രവിക്കുവിൻ" (മത്താ 17,5) എന്ന് ഓർമിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതായത്, പിതാവ് പുത്രനെയും പുത്രൻ പിതാവിനെയും മഹത്ത്വപ്പെടുത്തുന്നു. അവർ എന്നും ആ ഐക്യത്തിൽ വസിക്കുകയും ചെയ്യുന്നു.

വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും പരിശുദ്ധ ത്രിത്വത്തിന്റെ പ്രസക്തിയും പങ്കും പട്ടാപ്പകൽപോലെ വ്യക്തമാണ്. ത്രിത്വത്തിന്റെ നിഴൽവീഴാത്ത യാതൊന്നും ഈ പ്രപഞ്ചത്തിലില്ലെന്നും അസ്തിത്വമുള്ളതെല്ലാം ത്രിത്വാത്മകമാണെന്നും പറഞ്ഞാൽ അതു ക്രിസ്തീയ തീവ്രവാദമായേ വ്യാഖ്യാനിക്കപ്പെടൂ. ഹെഗേലിയൻ ഡയലെക്ടിക്സും മറ്റും വാദത്തിനു കൂട്ടിനുണ്ടെങ്കിലും ഞങ്ങളതിനു മുതിരുന്നില്ല. പ്രായോഗികജീവിതത്തിലെ ത്രിത്വാത്മകതയെ ചൂണ്ടിക്കാട്ടാൻ മാത്രമാണ് ഈ ഭാഗത്തു ശ്രമിക്കുന്നത്.

## 10.1 വ്യക്തിയും ത്രിത്വനിഴലും



വ്യക്തിപരതയും സമൂഹപരതയും കൈകോർക്കുന്നിടത്തെല്ലാം ത്രിയേകദൈവത്തിന്റെ നിഴൽ പരക്കുന്നുണ്ട്. മനുഷ്യൻ ബന്ധാധിഷ്ഠിതജീവിയാണെന്ന (relational animal) ദാർശനികകാഴ്ചപ്പാട് ഇവിടെ സ്മരണീയമാണ്. ഈ ബന്ധാധിഷ്ഠിതാസ്തിത്വത്തിന് ഏറ്റവും വലിയ അടിത്തറ മനുഷ്യൻ ത്രിത്വച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന സത്യമാണ്. നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം (ഉത്പ 1,26) എന്നായിരുന്നല്ലോ ദൈവത്തിന്റെ ആദ്യത്തെ ആത്മഗതം. 'ഒരു മനുഷ്യനും ഒരു ദ്വീപല്ല' എന്ന ചൊല്ലിൽ പതിരു തീരെയില്ലെങ്കിൽ അതിനു കാരണം മനുഷ്യനിലെ ഈ ദൈവികച്ഛായയാണ്. **പാരസ്പര്യമില്ലാത്ത മനുഷ്യജീവിതം ദൈവനിഴൽ പതിയാത്ത ഊഷരഭൂമിയാണ്. മരുഭൂമികൾ ഉണ്ടാകുന്നത് അപകടകരമാണല്ലോ.**

## 10.2 കുടുംബവും ത്രിത്വനിഴലും

ത്രിത്വത്തിന്റെ നിഴൽ ഏറ്റവും കൂടുതലായി പതിഞ്ഞുകിടക്കുന്നത് കുടുംബത്തിന്മേലാണ്. "അവർ രണ്ടല്ല, ഒറ്റശരീര



മായിരിക്കും" (മർക്കോ 10,8) എന്ന വിശുദ്ധബൈബിളിന്റെ പ്രസ്താവന വിവാഹത്തിലെ ദൈവികച്ഛായ വെളിപ്പെടുത്തുന്ന ഒന്നാണ്. രണ്ടുപേർ ഒന്നാകുന്ന 'വലിയ രഹസ്യം' (എഫേ 5,31) ത്രിയേകദൈവരഹസ്യത്തിന്റെ ഭാഗമാണ്. ഐക്യവും (unity) അവിഭാജ്യതയും (indissolubility) വിവാഹമെന്ന കൂദാശയുടെ അടിസ്ഥാനഘടകങ്ങളായി മാറുന്നതിന്റെ ദൈവശാസ്ത്ര അടിത്തറ ഇവിടെയാണ്. **ബഹുഭാര്യാത്വവും ബഹുഭർതൃത്വവും ക്രൈസ്തവർക്കു നിഷിദ്ധമാകുന്നത് ത്രിത്വദൈവവിശ്വാസത്തിന്റെ ഫലമായാണ്.**

ഇന്ന് വളരെയേറെ വിവാഹമോചനങ്ങൾ നടക്കുന്നുണ്ട്. സ്നേഹം, ബഹുമാനം, ഐക്യം എന്നീ ഗുണങ്ങൾ നഷ്ടപ്പെടുന്നതാണ് വിവാഹമോചനങ്ങൾ ഉണ്ടാകാനുള്ള മുഖ്യകാരണം. **ഭാര്യാഭർതൃജീവിതത്തിൽ ത്രിത്വാനുഭവം ഉള്ളിടത്ത് തുല്യതയും ആദരവും കൈവരും.** "നിങ്ങൾ ഇനിമേൽ രണ്ടല്ല, ഒറ്റശരീരം ആണ്" (ഉത്പ 2,24) എന്നാണല്ലോ തിരുവചനം. ഇതിന്റെയർത്ഥം അവർ സയാമീസ് ഇരട്ടകൾ ആകുന്നുവെന്നല്ല, മറിച്ച് പരസ്പര സ്നേഹൈക്യങ്ങളിലൂടെ അവർ ഒന്നായിത്തീരുന്നുവെന്നാണ്. പരിശുദ്ധ ത്രിത്വത്തിന്റെ നിഴലായി ജീവിക്കാനുള്ള വിളിയാണ് കുടുംബങ്ങളുടേത്.

## 10.3 സഭയും ത്രിത്വനിഴലും

വിശുദ്ധഗ്രന്ഥം സഭയെ വിശദീകരിക്കാനുപയോഗിക്കുന്ന ബിംബങ്ങൾ ത്രിത്വസൂചകങ്ങളാണ്. "ശരീരം ഒന്നാണെങ്കിലും, അതിൽ പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു... നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12,12.27) എന്ന് വിശുദ്ധ പൗലോസ് അപ്പസ്തോലൻ സഭയെ വിവരിക്കുമ്പോൾ നാനാത്വത്തിലെ ഏകത്വം എത്ര സുന്ദരമായാണ് ഇതൾവിരിയുന്നത്! **സഭയുടെ ദൈവശാസ്ത്രപരമായ അടിത്തറ ത്രിത്വമാണ്. 'ഏകം', 'കാതോലികം' എന്നീ സഭാസ്വഭാവങ്ങൾ ത്രിയേകദൈവവിശ്വാസത്തിന്റെതന്നെ ബഹിർസ്ഫുരണങ്ങളാണ്.**



## 10.4 സമൂഹവും ത്രിത്വനിഴലും

രാഷ്ട്രങ്ങളും സമൂഹങ്ങളും നിലനില്ക്കുന്നത് സന്തുലനാധി

ഷ്ഠിതമായാണ് – വ്യക്തിയും സമൂഹവും തമ്മിലുള്ള സന്തുലിതത്വത്തിൽ. **എവിടെ സമൂഹത്തിന്റെ ഭീമപാദത്തിൻകീഴിൽ വ്യക്തി ചവിട്ടിമെതിക്കപ്പെടുന്നുവോ, അവിടെ വർത്തമാനവും ഭാവിയും ഇരുളടഞ്ഞതാണ്. എവിടെ വ്യക്തിബോധം സാമൂഹ്യബോധത്തെ കശാപ്പുചെയ്യുന്നുവോ അവിടെ അരാജകത്വം കൊടികുത്തിവാഴും.** വ്യക്തിയും സമൂഹവും തമ്മിലുള്ള സമഞ്ജസമായ സമ്മേളനവും സർഗാത്മകമായ പരസ്പരാപേക്ഷികതയുമാണ് ത്രിത്വത്തിന്റെ നിഴലായി കരുതാൻ കഴിയുന്നത്.

**സ്നേഹവും സാഹോദര്യവും എല്ലാവരെയും ഉൾക്കൊള്ളുകയും മാനിക്കുകയും ചെയ്യുന്ന സ്വഭാവവുമെല്ലാം പരിശുദ്ധ ത്രിത്വവിശ്വാസത്തിലൂടെ സ്വന്തമാക്കാനാകും. വിഗണിക്കലും അവഹേളിക്കലും പുറംതള്ളലും നശിപ്പിക്കലും ത്രിത്വവിശ്വാസത്തിന്റെ അഭാവമാണു വെളിവാക്കുന്നത്; അതുപോലെതന്നെ, ചതിയും വഞ്ചനയും ചൂഷണവും പീഡനവുമെല്ലാം.**

അഹങ്കാരവും ഏകാധിപത്യപ്രവണതയും വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും നാശംവിതയ്ക്കുന്നു. ഇത് ഒരു കേവല ഏകത്വബോധത്തിന്റെതന്നെ (absolute monism) പ്രശ്നമാണെന്നു തോന്നുന്നു. പലതിനെയോ പലരെയോ ഒന്നെന്നു കാണാൻ അതിനാവില്ല. കേവല ഏകത്വബോധത്തിന്റെ ലക്ഷണങ്ങൾ പട്ടാപ്പകൽപോലെ നമുക്കുചുറ്റും ഇന്നു സുവിദിതമാണ്: പുരുഷൻ മാത്രം, ഭർത്താവു മാത്രം, ഒരു മതം മാത്രം, ഒരു നിയമം മാത്രം, ഒരു സംസ്കാരം മാത്രം, ഒരു ഭാഷ മാത്രം, ഒരു ഭക്ഷണം മാത്രം, ഒരു വസ്ത്രം മാത്രം, ഒരു പാർട്ടി മാത്രം – ഇങ്ങനെ 'മാത്ര'ങ്ങളുടെ നിര നീളുകയാണ്. കേവല ഏകത്വബോധത്തിൽ അപരനു സ്ഥാനമില്ല, വ്യത്യസ്തതകൾക്ക് ഇടമില്ല.



ത്രിത്വൈകബോധത്തിന്റെ പ്രസക്തിയാണ് ഈ മേഖലകളെല്ലാം ചൂണ്ടിക്കാണിക്കുന്നത്. പലതിനെ ഒന്നെന്നു വിളിക്കാൻ കഴിയുന്ന ജ്ഞാനമാണത്. ജനാധിപത്യവും മനുഷ്യസമത്വവും സ്ത്രീസ്വാതന്ത്ര്യവും മതസഹിഷ്ണുതയും വിദ്യാഭ്യാസാവകാശവും പൊതുനന്മയുമെല്ലാം ത്രിയേകബോധത്തിന്റെ സ്വാഭാവിക പരിണതികളാണെന്നതിനു ചരിത്രം സാക്ഷി. ഇത്തരത്തിൽ, വലിയ സാമൂഹികപ്രസക്തികൂടി പരിശുദ്ധ ത്രിത്വത്തിനുണ്ട്.

# HOLY TRINITY



You are what you **BELIEVE** in